## അണക്കെട്ടുകൾ എന്ന ദുരനുഭവം

**വി**കസനം എന്ന ആശയം ആഗോളവ്യാപകമായി സ്വീകരിക്കപ്പെട്ട് തുടങ്ങിയ നാളുകളിൽ തന്നെ ലോകമെമ്പാടും വ്യാപിച്ച ഒരു വികസന പദ്ധതിയാണ് വൻകിട അണക്കെട്ടുകൾ. ലോകത്തെമ്പാടും അണക്കെട്ടുകൾ ചെയ്തത് പുഴകളുടെ സ്വാഭാവിക ഒഴുക്ക് ഇല്ലാതാക്കി എന്നതാണ്. 1949ൽ ലോകത്ത് അയ്യായിരത്തോളം വൻകിട ഡാമുകൾ മാത്രമാണുണ്ടായിരുന്നതെങ്കിൽ രണ്ടാംലോക മഹായുദ്ധത്തിന് ശേഷം വികസന പ്രവർത്തനങ്ങൾ വ്യാപകമായതോടെ 45000ൽ അധികം വൻകിട ഡാമുകളാണ് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ലോകത്ത് പണിതുകഴിഞ്ഞത്. മനുഷ്യന്റെ അനിയന്ത്രിതമായ ഊർജ്ജ-ജല-ഉപഭോഗത്തിന് വേണ്ടിയാണ് അണക്കെട്ടുകൾ നിർമ്മിച്ചു കൊണ്ടേയിരിക്കുന്നത്. എന്നാൽ നിലവിലെ ഉപഭോഗസംസ്കാരത്തിന് കടിഞ്ഞാണിടാതെ കാലാവസ്ഥാവ്യതിയാനത്തിന്റെയും ജലദൗർലഭ്യത്തിന്റെയും വർത്തമാനകാലത്ത് കണ്ണുമടച്ച് അണക്കെട്ടുകൾ നിർമ്മിക്കാനിനിയുമാകില്ല എന്നതാണ് യാഥാർത്ഥ്യം. അവ നദികളെയും മേൽത്തട-കീഴ്ത്തട ജനങ്ങളെയും അവരുടെ ജീവിതവരുമാനത്തേയും ജലലഭ്യതയെയും ജലഗുണമേന്മയെയുമെല്ലാം ബാധിക്കുന്നുണ്ട്. വെള്ളപ്പൊക്ക നിയന്ത്രണം, വൈദ്യുതോൽപ്പാദനം, ജലസേചനം തുടങ്ങിയ ലക്ഷ്യങ്ങൾ ചൂണ്ടിക്കാട്ടി പടുത്തുയർത്തിയ ഒരു അണക്കെട്ടും പ്രഖ്യാപിത ലക്ഷ്യങ്ങൾ മുഴുവനായും കൈവരിച്ചിട്ടില്ല. മറിച്ച്, പാരിസ്ഥിതിക-സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾ വർധിപ്പിച്ചിട്ടേയുള്ളൂ. മിക്ക അണക്കെട്ടുകളുടെയും ഗുണഫലങ്ങൾ അനുഭവിക്കുന്നത് സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ളവരും തിക്താനുഭവങ്ങൾ സഹിക്കുന്നത് ആദിവാസി-പ്രാദേശിക ജനസമൂഹങ്ങളുമാണ്. വേനൽക്കാലത്ത് കടലിലേക്കൊഴുകാൻ കഴിയാതെ ഒഴുക്ക് നിലയ്ക്കുന്ന നമ്മുടെ നദികളിൽ ഇനി അണക്കെട്ടുകൾ വേണ്ട എന്നു പറയാനുള്ള പരിസ്ഥിതി-രാഷ്ട്രീയബോധം ജനങ്ങൾക്കില്ലായെങ്കിൽ വൈദ്യുതിയുണ്ടായിട്ടും കുടിവെള്ളം കിട്ടാത്ത അവസ്ഥയാകും. 2000 നവംബറിൽ ലോക അണക്കെട്ട് കമ്മീഷൻ നിർദ്ദേശിച്ച വ്യവസ്ഥകൾ ഒന്നും പ്രാവർത്തികമാക്കാതെ ഇന്നും അണക്കെട്ടുകൾ ഒന്നിനു താഴെ മറ്റൊന്നായി പണിതുകൊണ്ടേയിരിക്കുകയാണ്. ലോകത്തെമ്പാടുമുള്ള 1000 ഡാമുകളെക്കുറിച്ച് വിശദമായി പഠിച്ച അണക്കെട്ട് കമ്മീഷൻ വൻകിട ഡാമുകൾ ഗുണത്തേക്കാളേറെ ദോഷങ്ങൾ വരുത്തുന്നു എന്നാണ് വിലയിരുത്തിയത്. നിലവിലെ പദ്ധതികളുടെ പ്രവർത്തനക്ഷമത വിലയിരുത്തുകയോ, ക്ഷമത വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയോ, മാറിവരുന്ന സാഹചര്യങ്ങളുടെ സഞ്ചിത ആഘാത അവലോകനം നടത്താതെയോ ആണ് ഡാമുകൾ വ്യാപകമായി നിർമ്മിക്കപ്പെടുന്നത്. ഹരിത ഗൃഹവാതകങ്ങൾ നിർഗ്ഗമിക്കുന്ന റിസർവ്വോയറുകളും, മുങ്ങിപ്പോകുന്ന വനങ്ങളും ജൈവവൈവിധ്യവും, ആവാസവ്യവസ്ഥകളുടെ നാശവും മാത്രമാണ് അണക്കെട്ടുകളുടെ ബാക്കിപത്രം. ജലസേചനത്തിനായാണ് ഡാമുകൾ ഏറെയും നിർമ്മിക്കപ്പെടുന്നതെങ്കിലും കാര്യക്ഷമതയുടെ കാര്യത്തിൽ പദ്ധതി വിഭാവനം ചെയ്തിരുന്നതിന്റെ പകുതിപോലും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് എല്ലാ ജലസേചന പദ്ധതികളുടെ അനുഭവം. പാരിസ്ഥിതിക പ്രശ്നങ്ങൾ കഴിഞ്ഞാൽ വൻകിട അണക്കെട്ടുകൾ സൃഷ്ടിക്കുന്ന ഏറ്റവും വലിയ ദുരന്തം കുടിയൊഴിപ്പിക്കലാണ്. ലോകത്ത് വൻകിട ഡാമുകളുടെ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട എട്ടുകോടി മനുഷ്യരിൽ പകുതിയും ഇന്ത്യക്കാരാണ് എന്നാണ് കണക്കുകൾ പറയുന്നത്. പാരിസ്ഥിതികവും സാമൂഹികമായ ദുരന്തങ്ങൾ ഏറെയുണ്ടെന്ന് അനുഭവങ്ങൾ വ്യക്തമാക്കിയിട്ടും ഊർജ്ജാവശ്യങ്ങൾക്കും ജലസേചനത്തിനും ഡാമുകൾ തന്നെയാണ് പരിഹാരമെന്ന വികസന മാതൃക പ്രബലമായി നിൽക്കുന്നതുകൊണ്ടാണ് അതിരപ്പിള്ളി പോലെയുള്ള പദ്ധതികൾ ഇപ്പോഴും ഉപേക്ഷിക്കപ്പെടാത്തത്.

**(തയ്യാറാക്കിയത്: സബ്ന എ.ബി)**

## തീരവും കടലും നഷ്ടമാകുമ്പോൾ

**പ**ലവിധത്തിലുള്ള വികസന പദ്ധതികളുടെയും ഫലമായി ഏറെ പ്രതിസന്ധികൾ നേരിട്ട് തകർച്ചയുടെ വക്കിലെത്തിയിരിക്കുന്ന മേഖലയാണ് കേരളത്തിലെ മത്സ്യബന്ധന മേഖല. കടലും തീരവും ഒരുപോലെ വൻകിട വികസനാവശ്യങ്ങൾക്കായി മാറ്റപ്പെട്ടതോടെ മത്സ്യബന്ധന സമൂഹങ്ങൾക്ക് അവരുടെ പരമ്പരാഗത ഉപജീവനമാർഗ്ഗങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. തീരപ്രദേശത്തോടു ചേർന്ന ഇരുനൂറ് നോട്ടിക്കൽ മൈൽ വരെയുള്ള കടൽപ്രദേശം തീവ്ര സാമ്പത്തിക മേഖലയായി (Exclusive Economic Zone-EEZ) പ്രഖ്യാപിച്ചതിനെ തുടർന്ന് ആഴക്കടൽ മത്സ്യബന്ധനം സാമ്പത്തിക വികസനത്തിന് അനിവാര്യമായി തീർന്നത്. 1968 ൽ ആഴക്കടൽ മത്സ്യബന്ധന നയം പ്രഖ്യാപിക്കപ്പെട്ടതോടെ തീരക്കടലിൽ യന്ത്രവത്കരണം തീവ്രമായി. 1977 മുതൽ മത്സ്യമേഖലയിൽ ഉദാരവത്കരണ നയം നടപ്പിലാക്കാൻ തുടങ്ങിയതോടെ വിദേശട്രോളറുകൾ ഇന്ത്യൻ ആഴക്കടലിലേക്ക് പാഞ്ഞടുത്തു. ജപ്പാനും അമേരിക്കയും യന്ത്രവത്കരണം ദ്രുതഗതിയിലാക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകിക്കൊണ്ടേയിരുന്നു. യന്ത്രവത്കരണം വ്യാപകമായതോടുകൂടി മത്സ്യമേഖലയിൽ രൂക്ഷമായ തൊഴിലില്ലായ്മയുണ്ടായി. യന്ത്രനിർമ്മിത വലകൾ എത്തിയതോടെ ആയിരക്കണക്കിന് സ്ത്രീകൾക്ക് തൊഴിൽ നഷ്ടമായി. യന്ത്രവത്കൃത ബോട്ടുടമകളും തൊഴിൽരഹിതരായിക്കൊണ്ടിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ നിരന്തര സംഘർഷങ്ങളുണ്ടാകാൻ തുടങ്ങി. ഈ പശ്ചാത്തലത്തിലാണ് മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക, തൊഴിൽ തർക്കങ്ങൾ പരിഹരിക്കുക, ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പ്രതിരോധങ്ങളും ആരംഭിച്ചത്. ചെറുതും വലുതുമായി നിരവധി സംഘർഷങ്ങൾ രൂപപ്പെട്ടു. മത്സ്യമേഖലയിലെ പര